## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2683 19/12/2012-ൽ മറുപടിക്ക്.

## ക്ഷേമനിധികളിൽ അംഗത്വം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ദാസൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; വ്യക്തമാക്കുമോ ; | (എ) 15 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നു. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ക്ഷേമനിധികളിൽ ബഹു. അംഗത്വവും, വ്യാജ അംഗത്വവും ധാരാളം പേർക്കുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ക്ഷേമനിധി ആനുകൂല്യങ്ങൾ അർഹരായവർക്ക് മാത്രം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;<br>(ഡി) വ്യാജ അംഗത്വം ഉൾപ്പെടുയുള്ള ക്രമക്കേടുകൾ പരിശോധിക്കുവാനും പരിഹരിക്കുവാനും നടപടികൾ സ്വീകരിക്കുമോ; | (സി & ഡി) ക്ഷേമനിധി ബോർഡുകളിലെ വ്യാജ അംഗത്വവും ദ്വയാംഗത്വവും കണ്ടെത്തുന്നതിനായി കെൽട്രോണിന്റെ സഹായത്തോടെ ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിലേക്കായി മുഴുവൻ അംഗങ്ങളുടെയും വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് വരുന്നു. കൂടാതെ 2013 ഏപ്രിൽ മാസത്തോടെ ക്ഷേമനിധി ബോർഡുകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ബാങ്ക് വഴി നടത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇതുവഴി ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുവാനും ക്രമക്കേടുകൾ കണ്ടെത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

(ഇ) കൊയിലാണ്ടി മണ്ഡലത്തിൽ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ?

(ഇ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് നിലവിൽ ലഭ്യമല്ല. എന്നാൽ കൊയിലാണ്ടി മണ്ഡലത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ അംഗത്വം പുതുക്കിയ അംഗങ്ങളുടെ വിവരം ഇപ്രകാരമാണ്.

| | |
|---|---|
| കൊയിലാണ്ടി മുൻസിപ്പാലിറ്റി | - 2024 |
| ചേങ്ങോട്ട്കാവ് പഞ്ചായത്ത് | - 669 |
| ചേമഞ്ചേരി പഞ്ചായത്ത് | - 425 |
| പയ്യോളി പഞ്ചായത്ത് | - 1245 |
| മൂടാടി പഞ്ചായത്ത് | - 932 |

സെക്ഷൻ ഓഫീസർ

അനുബന്ധം

**സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ താഴെപ്പറയുന്നവയാണ്.**

1) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

2) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

3) കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്.

4) കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

5) കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്

6) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

7) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്,

8) കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്,

9) കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

10) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ,

11) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്,

12) കേരള കള്ള് ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്

13) കേരള ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ് തൊഴിലാളി ക്ഷേമ നിധി ബോർഡ്,

14) കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്,

15) കേരള ജുവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

സെക്ഷൻ ഓഫീസർ